എസ്. സി. ഇ. ആർ. ടി.-യിൽ ഗവേണിംഗ് ബോഡിയുടെ അനുമതിയോടു കൂടിയാണ് നിയമിച്ചിട്ടുള്ളത്. പരീക്ഷാഭവനിലുള്ളവരെ സേ പരീക്ഷയുടെ ആവശ്യം കഴിഞ്ഞാൽ ഉടൻ പിരിച്ചു വിടുന്നതാണ്.

(സി) പരീക്ഷാഭവനിൽ ഡോറ എൻട്രി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ദിവസക്കൂലിയായി 170 രൂപ നൽകുന്നു.

എസ്. സി. ഇ. ആർ. ടി.:		ദിവസക്കൂലി (രൂപ)
ഡി. ടി. പി. ഓപ്പറേറ്റർ	..	200
ഡോറാ എൻട്രി ഓപ്പറേറ്റർ	..	170
സെക്യൂരിറ്റി അസിസ്റ്റന്റ് ബൈൻഡർ കാറ്റലോഗ് അസിസ്റ്റന്റ്	..	140
നൈറ്റ് വാച്ചർ, പ്യൂൺ കോൺട്രാക്ട്	..	120
പബ്ലിക്കേഷൻ ഓഫീസർ	..	8000
അസിസ്റ്റന്റ് പ്രൊഫസർ	..	8000
പബ്ലിക് റിലേഷൻസ് ഓഫീസർ	..	8000
ഡ്രൈവർ	..	4000

(ഡി) പരീക്ഷാഭവനിൽ ഡോറാ എൻട്രി തസ്തിക സ്ഥിരമല്ലാത്തതിനാൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല. എസ്. സി. ഇ. ആർ. ടി. യിൽ സ്ഥിരം തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ആലപ്പുഴ ജില്ലയിൽ ഫിസിക്കൽ സയൻസ് എച്ച്. എസ്. എ. മാരുടെ ഒഴിവുകൾ

82 [2392] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എച്ച്. എസ്. എ. ഫിസിക്കൽ സയൻസിന്റെ എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

8 ഒഴിവുകൾ. പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വണ്ടൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിനെ ബൈഫർക്കേഷൻ

83 [2393] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വണ്ടൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളും +1, +2, വി. എച്ച്. എസ്. എന്നീ കോഴ്സുകളും പഠിപ്പിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്കൂളിലെ യു. പി. വരെയുള്ള വിഭാഗവും ഹൈസ്കൂൾ വിഭാഗവും വെവ്വേറെ ഹെഡ്മാസ്റ്റർക്ക് കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

ബൈഫർക്കേറ്റ് ചെയ്ത് ഒരേ കോമ്പൗണ്ടിൽ പ്രവർത്തിപ്പിക്കുന്നതിന് അനുമതിക്കായി 2002-ൽ പി. ടി. എ. യിൽ നിന്ന് നിവേദനം ലഭിച്ചിരുന്നോ;

(ബി) ഇത് സംബന്ധമായി കീഴ് ഓഫീസുകളിൽനിന്ന് ആവശ്യമായ റിപ്പോർട്ടുകളും ലഭിച്ചിട്ടും നടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന്റെ ആവശ്യകത മനസ്സിലാക്കി പ്രസ്തുത നിവേദനത്തിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത വിധത്തിൽ, ഹൈസ്കൂൾ സെക്ഷനിൽമാത്രം 1500 കുട്ടികളിൽ കവിയുകയാണെങ്കിൽ മാത്രമേ പ്രസ്തുത സ്കൂൾ വിഭജനത്തിനായി പരിഗണിക്കപ്പെടുകയുള്ളൂ. ഇത്തരത്തിൽ സ്കൂൾ വിഭജനം നടത്തിയാൽപ്പോലും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും. അതിനാൽ 16-6-2003-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 161/03/പൊ. വി. വ. ലെ വ്യവസ്ഥകൾ അനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

(സി) സർക്കാർ ഉത്തരവ് (എം. എസ്.) നം. 161/03/പൊ. വി. വ. തീയതി 16-6-2003-ലെ വ്യവസ്ഥകൾക്ക് അനുസരണമായി മാത്രമേ പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

കായിക വിദ്യാഭ്യാസം കാര്യക്ഷമമാക്കാൻ നടപടി

84 [2395] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) കായിക മേഖലയിൽ കുട്ടികളുടെ ഭക്ഷണരീതി ക്രമീകരിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കായിക വിദ്യാഭ്യാസത്തിന് ബജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ;

(ഡി) കായിക അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly